ഡയറക്ടർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു ഏഴംഗ സമിതിയെ നിയമിച്ചു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 25-7-1999 ന് കൂടുന്ന ജില്ലാ ആസൂത്രണ സമിതിയിൽ അവതരിപ്പിക്കാനും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം സർക്കാരിനെ അറിയിക്കാനും നിശ്ചയിച്ചു. ജില്ലാ പ്ലാനിംഗ് കമ്മിറ്റി മേൽപ്രകാരം തീരുമാനമെടുത്ത് സർക്കാരിനെയും പ്ലാനിംഗ് ബോർഡിനെയും അറിയിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാരിന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിരേഖ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാനാവുകയുള്ളൂ. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ബന്ധപ്പെട്ട പഞ്ചായത്തിന് സർക്കാരിൽ അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ അത് വിശദമായി പരിശോധിക്കും. യാതൊരു വിധ രാഷ്ട്രീയ പരിഗണനയും കൂടാതെ ഈ കാര്യത്തിൽ സർക്കാർ തീരുമാനം എടുക്കുന്നതായിരിക്കും.

(10) തെരുവുവിളക്കുകൾ കത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനസാമഗ്രികൾ വാങ്ങിക്കൊടുക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. വിദ്യുച്ഛക്തി മന്ത്രികൂടി മറുപടി പറഞ്ഞാലേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകൂ. തെരുവ് വിളക്കുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത് വളരെ ഗുരുതരമായ സംഭവവികാസമാണ്. തെരുവ് വിളക്കുകൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം 1996-ൽ പാസ്സാക്കിയ നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരിക്കുകയാണ്. മെറ്റീരിയൽസ് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി കൊടുത്താൽ ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥന്മാരാണ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കേണ്ടത്. പക്ഷെ കേരള സംസ്ഥാനത്തുടനീളമുള്ള എല്ലാപേർക്കും അറിയാം, നമ്മുടെ സഭയിലെ എല്ലാ മെമ്പർമാർക്കും അറിയാം, നമ്മുടെ തെരുവ് വിളക്കുകൾ വളരെയേറെ ശോചനീയാവസ്ഥയിലാണെന്ന്. ഒന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമയാസമയങ്ങളിൽ മെറ്റീരിയൽസ് കൊടുക്കാൻ കഴിയുന്നില്ല. അഥവാ മെറ്റീരിയൽസ് കൊടുത്താലും നന്നാക്കികൊടുക്കുവാനുള്ള സമീപനം ഇലക്ട്രിസിറ്റിബോർഡ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അവർ പറയുന്നത് പല സ്ഥലങ്ങളിലും ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരില്ല എന്നാണ്. അതുകൊണ്ട് ഫലത്തിൽ നമ്മുടെ തെരുവുകൾ അന്ധകാര പൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വൈദ്യുതി ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കണം. ലോക്കൽ തലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ച് ഇത് പഠിച്ച് ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി ഇല്ക്ട്രിസിറ്റി ബോർഡിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ഒരു സമിതിയെ നിയമിക്കണം. അല്ലെങ്കിൽ ഏതെങ്കിലും ഒരു വകുപ്പിന് ഇത് പൂർണ്ണമായി കൊടുക്കുവാൻ തയ്യാറാക്കണം. ഒന്നുകിൽ എൽ. എ.ഡി., അല്ലെങ്കിൽ ഇലക്ട്രിസിറ്റി ബോർഡ്. ഇത് ചെയ്തില്ലെങ്കിൽ തെരുവ് വിളക്കുകൾ അനാഥമായി കിടക്കുന്ന സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട തദ്ദേശ വകുപ്പുമന്ത്രിയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ആലോചിച്ച് ഇതിന് പരിഹാരം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഇത് സംബന്ധിച്ച് 1997-ൽ വൈദ്യുതി വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചേർന്ന് ചർച്ച ചെയ്ത് ചില തീരുമാനങ്ങളെടുത്തു. പക്ഷേ ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വേണ്ടത്ര പുരോഗതി നേടിയില്ല. അതുകൊണ്ട് കഴിഞ്ഞ വർഷം ബന്ധപ്പെട്ട രണ്ടു മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും കൂടി ചേർന്ന് വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തു. ആ ചർച്ചയുടെ ഫലമായി കുറെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. എങ്കിലും ഇപ്പോഴും കുറെ പ്രശ്നങ്ങൾ അവശേഷിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഒരു പ്രാവശ്യംകൂടി ബന്ധപ്പെട്ട രണ്ടു വകുപ്പുകളിലെയും ഉത്തവാദപ്പെട്ട ആളുകളെ ഉൾക്കൊള്ളിച്ച് ഒരു ചർച്ചകൂടി വേണ്ടിവരും എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അടിയന്തിരമായി അതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില പഞ്ചായത്തുകളെ സംബന്ധിച്ച് സ്ഥിതി വളരെ ഗുരുതരമാണെന്നുള്ളത് സമ്മതിക്കുന്നു. രണ്ടുവകുപ്പിന്റെയും കൂടി കൂട്ടായ ശ്രമം ഈ കാര്യത്തിൽവേണ്ടിവരും. ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകാം. അത് പരിഹരിക്കത്തക്ക ചില തീരുമാനങ്ങൾ വേണം. അതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : രണ്ട് മന്ത്രിമാരുംകൂടി ആദ്യം തീരുമാനിക്കണം. അതിനുശേഷം വകുപ്പ് മേധാവികളെ വിളിക്കുവാനുള്ള നടപടി സ്വീകരിക്കണം.

(11) പിരിച്ചെടുത്ത ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിന് നൽകുന്നതിലുള്ള കാലതാമസം

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഗ്രന്ഥശാല നിയമം അനുസരിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതി, കെട്ടിട നികുതി എന്നിവ പിരിക്കുമ്പോൾ അഞ്ചു ശതമാനം ലൈബ്രറി സെസ് കൂടി പിരിച്ച് ആ തുക കേരള ഗ്രന്ഥശാലാ സംഘത്തിന് നല്കണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് നല്കേണ്ടതാണ്. എന്നാൽ ഇങ്ങനെ പിരിച്ചെടുക്കുന്ന വിഹിതം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നല്കുന്ന കാര്യത്തിൽ കേരളത്തിലെ ഭൂരിപക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അമാന്തം കാണിക്കുകയാണ്. കോടിക്കണക്കിന് രൂപ ഈ നിലയിൽ ഗ്രന്ഥശാലകൾക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ വിഹിതം പിരിച്ചെടുക്കുകയും ആ തുക അവരുടെ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ഗ്രന്ഥശാലാ സംഘത്തിന് സമയാസമയം കിട്ടാതിരിക്കുകയും ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ അടക്കമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നിലയിൽ ലക്ഷക്കണക്കിന് രൂപയാണ് ഗ്രന്ഥശാല സംഘത്തിന് കൊടുക്കാനുള്ളത്. പിരിച്ചെടുക്കുന്ന സംഖ്യ കാലതാമസം കൂടാതെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഗ്രന്ഥശാലാ

LIBRARY ARCHIVES Kerala Legislative Assembly